# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2628 — 14/12/2015 -ൽ മറുപടിക്ക്

# ആർ. ഒ. പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നും വ്യക്തമാക്കാമോ; | (എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 12 ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയിൽ 10 എണ്ണം പ്രവർത്തനക്ഷമമാണ്. കൂടാതെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 6 ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും എന്ത് തുക അനുവദിച്ചു; എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി; വിശദമാക്കാമോ; | (ബി) പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും 2013-14 കാലയളവിൽ 10,87,800/- രൂപ അനുവദിച്ചു. 9 പ്ലാന്റുകൾ ഈ തുക ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| (സി) കാലപ്പഴക്കം മൂലം പ്രവർത്തനക്ഷമമല്ലാതായ പ്ലാന്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പുതിയ ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

JSK/